"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ - 2025-26 സാമ്പത്തിക വർഷത്തിൽ 12/2025-ലെ ശമ്പള ഇനത്തിലെ ചെലവുകൾക്കായി 4-ാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (കൃഷി) വകുപ്പ്

സ.ഉ.(കൈ) നം.125/2025/AGRI തീയതി,തിരുവനന്തപുരം, 21-11-2025

---

പരാമർശം:-
1. 25/04/2025 ലെ സ.ഉ. (സാധാ) നം.400/2025/അഗ്രി
2. 27/06/2025 ലെ സ.ഉ. (സാധാ) നം.651/2025/അഗ്രി
3. 25/08/2025 ലെ സ.ഉ. (സാധാ) നം. 101/2025/അഗ്രി

   കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ
4. 01/11/2025 തീയതിയിലെ എ-2360/2024/കെ.എസ്.എഫ്.ഡി.ആർ.സി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025 - 26 സാമ്പത്തിക വർഷത്തിൽ 2401-00-104-86-(01)-31 [(NP(V)] കണക്ക് ശീർഷകത്തിൽ ശമ്പളയിനത്തിലെ ചെലവുകൾക്ക് 131.87 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പരാമർശം (1), (2), (3) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ശമ്പള ഇനത്തിലുള്ള ചെലവുകൾക്ക് മൂന്ന് ഗഡുക്കളായി അനുവദിച്ച 105.04 ലക്ഷം രൂപയും ചെലവഴിച്ചതായി പരാമർശം 4ലെ കത്ത് പ്രകാരം കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറി അറിയിച്ചിരുന്നു.

(2) മേൽ ഉത്തരവുകൾ പ്രകാരം അനുവദിച്ച തുകപൂർണ്ണമായും ചെലവഴിച്ചതിനാൽ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിൽ 2401-00-104-86-(01)-31 [NP(V)] ശീർഷകത്തിൽ ശമ്പള ചെലവുകൾക്കായി 12/25 മാസത്തിലെ ശമ്പള ഇനത്തിലെ ചെലവുകൾക്കായി 26,80,000/- രൂപ (ഇരുപത്തി ആറ് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) അനുവദിക്കുന്നതിനും, പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No.701011400000151 ലേക്ക് മാറ്റി നൽകുന്നതിനുള്ള അനുമതിയ്ക്കായും കടാശ്വാസ കമ്മീഷൻ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷം 2401-00-104-86-(01)-31 [NP(V)] ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 12/25 മാസത്തിലെ ശമ്പള ഇനത്തിലെ ചെലവുകൾക്കായി 26,80,000/- രൂപ (ഇരുപത്തി ആറ് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) വിതരണം ചെയ്യുന്നതിനും, പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No.701011400000151 ലേയ്ക്ക് മാറ്റി നൽകുന്നതിനും കൃഷി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (18-11-2025 തീയതിയിലെ 3122769 Agri-C1/78/2025-FIN)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 21-11-2025 12:41:51
സെക്ഷൻ ഓഫീസർ